"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയം-ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ അന്യത്ര സേവന നിയമനം - ശ്രീമതി ആതിര എസ്.കെ. യുടെ അന്യത്ര സേവനം റദ്ദ് ചെയ്തും പകരം ശ്രീമതി അജിതാറാണി എസ്.-നെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐ.എ)വകുപ്പ് വകുപ്പ്**

സ.ഉ.(സാധാ) നം.**1189/2026/LSGD** തീയതി,തിരുവനന്തപുരം, **27-06-2026**

---

പരാമർശം:-
1. **10.05.2013** ലെ സർക്കുലർ നം.**42/2013**/ധന.
2. **28.11.2013** ലെ സ.ഉ.(പി)നം.**580/2013**/ധന.
3. **06.08.2022** ലെ സ.ഉ.(സാധാ)നം.**1907/2022**/തസ്വഭവ.
4. **25.07.2025** ലെ സ.ഉ.(സാധാ)നം.**1831/2025**/തസ്വഭവ.
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയം സെക്രട്ടറിയുടെ **21.02.206**, **04.03.2026**,എന്നീ തീയതികളിലെ **A1-180/TLSGIs/2025** നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കടയ്ക്കൽ സബ് ട്രഷറിയിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി ആതിര എസ്.കെ. യെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ പരാമർശം (3) പ്രകാരം നിയമിക്കുകയും, തുടർന്ന് ഓരോ വർഷവും ടിയാളുടെ അന്യത്ര സേവന കാലാവധി 3 തവണയായി ദീർഘിപ്പിച്ചു നൽകിയതു പ്രകാരം നിലവിലെ കാലാവധി **30.08.2026** വരെ നിലനിൽക്കുന്നുണ്ട്.എന്നാൽ **01.07.2026** മുതൽ പ്രസവാവധി **(Maternity Leave)** എടുക്കുന്നതിനായി മാതൃവകുപ്പിലേക്ക് മടങ്ങേണ്ടതുള്ളതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിലെ അന്യത്ര സേവനത്തിൽ നിന്നും **30.06.2026** തീയതിയിൽ വിടുതൽ ചെയ്യണമെന്ന് ടിയാൾ അപേക്ഷിച്ചിട്ടുണ്ടെന്നും,കാസറഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി അജിതാറാണി എസ്., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും,ടിയാളെ ടി തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ പരിഗണിക്കാവുന്നതാണെന്നും പരാമർശം(5)പ്രകാരം ട്രൈബ്യൂണൽ കാര്യാലയം

സെക്രട്ടറി ശിപാർശ സമർപ്പിക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി ആതിര എസ്.കെ. യുടെ **01.07.2026** മുതൽ **30.08.2026** വരെയുള്ള ബാക്കി അന്യത്ര സേവന കാലാവധി റദ്ദ് ചെയ്ത്, ടിയാളെ **30.06.2026** അപരാഹ്നത്തിൽ തസ്തികയിൽ നിന്നും വിടുതൽ ചെയ്ത് കൊണ്ടും,ശ്രീമതി ആതിര എസ്.കെ. വിടുതൽ ചെയ്യുന്ന ഒഴിവിലേക്ക്, കാസറഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി അജിതാറാണി എസ്.-നെ **KSR Part I Rules 140(C)** ലെ വ്യവസ്ഥകൾക്കും അന്യത്ര സേവനം സംബന്ധിച്ച പരാമർശം(1),(2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി **01.07.2026** മുതൽ ഒരു വർഷക്കാലയളവിലേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാമനാഥ് ജി

ഡെപ്യൂട്ടി സെക്രട്ടറി

1.സെക്രട്ടറി , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയം,തിരുവനന്തപുരം

2.ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

3.ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

4.സബ് ട്രഷറി ഓഫീസർ, കടയ്ക്കൽ.

5.സെക്രട്ടറി,തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്,കാസറഗോഡ്

6.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് -ഇ.ആർ.എസ് .എ ,കേരളം,തിരുവനന്തപുരം

7.ശ്രീമതി ആതിര എസ്.കെ., ഓഫീസ് അറ്റൻഡന്റ് (ട്രഷറി ഡയറക്ടർ മുഖേന).

8.ശ്രീമതി അജിതാറാണി എസ്., ഓഫീസ് അറ്റൻഡന്റ് (ട്രഷറി ഡയറക്ടർ മുഖേന ).

9.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

10.ഓഫീസ് കോപ്പി / കരുതൽ ഫയൽ (LSGD-IA2/35/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 27-06-2026 12:25:51

സെക്ഷൻ ഓഫീസർ